# അദ്ധ്യായം അഞ്ച്

## ദേശീയപ്രസ്ഥാനത്തിന്റെ സ്വാധീനത ആശാനിൽ

1873 ഏപ്രിൽ 12-ന് കായിക്കരയിൽ ജനിച്ച എൻ. കുമാരൻ (കുമാരു) ബാല്യത്തിൽ തന്നെ സ്തോത്രങ്ങളും കീർത്തനങ്ങളും രചിച്ചിരുന്നു. 18 വയസ്സുള്ളപ്പോഴാണ് ശ്രീനാരായണഗുരുവുമായി ബന്ധപ്പെടുന്നത്. ശൃംഗാരശ്ലോകങ്ങൾ എഴുതരുതെന്നു ഗുരുദേവൻ കുമാരുവിനു നിർദ്ദേശം നല്കി. ഈശ്വരചിന്തയിലേക്കു കുമാരുവിനെ നയിക്കുവാനും ഗുരുവിനു കഴിഞ്ഞു. ശ്രീനാരായണശിഷ്യനായി അദ്ദേഹത്തോടൊപ്പം രണ്ടു വർഷം കഴിഞ്ഞ കുമാരു സംസ്കൃതവും തമിഴും വേദാന്തവും യോഗവിദ്യയും ഗുരുവിൽ നിന്നു സ്വായത്തമാക്കി. ഗുരുദേവൻ കുമാരനാശാനെ ഉപരിപഠനത്തിനായി ബാംഗളൂരിലേക്കയച്ചു. ഡോ: പല്പുവിനോടൊപ്പം താമസിച്ചു പഠിക്കുന്നതിനുള്ള ക്രമീകരണവും ചെയ്തിരുന്നു.

മൂന്നുവർഷം ബാംഗളൂരിൽ താമസിച്ചു പഠിച്ച ശേഷം മദ്രാസിലേക്കും അവിടെ നിന്നു കല്ക്കത്തയിലേക്കും യാത്രയായി. കല്ക്കത്തയിലെ താമസകാലത്തു് ഇംഗ്ലീഷിൽ പരിജ്ഞാനം നേടി. നവോത്ഥാനചിന്തകൾ ധാരാളം ഉൾക്കൊള്ളുവാൻ കല്ക്കത്താവാസം സഹായകമായി. 1900-ൽ കല്ക്കത്തയിൽ നിന്നുമടങ്ങി ഗുരുസന്നിധിയിൽ തന്നെ എത്തിച്ചേർന്നു.

1902-ൽ ഡോ: പല്പുവിന്റെ താല്പര്യമനുസരിച്ച് ശ്രീനാരായണ ഗുരുവിന്റെ അനുഗ്രഹാശിസ്സുകളോടെ എസ്.എൻ.ഡി.പി. യോഗം ആരംഭിച്ചപ്പോൾ കുമാരനാശാൻ അതിന്റെ സെക്രട്ടറിയായി. പതിനെട്ടുവർഷം ആ സംഘടനയുടെ കാര്യദർശിയായി പ്രവർത്തിച്ച് സംഘടനയെ ശക്തിപ്പെടുത്തി. ഇക്കാലയളവിൽ സ്വന്തം പത്രാധിപത്യത്തിൽ 'വിവേകോദയം' എന്ന ഒരു മാസികയും പ്രശസ്തമായ നിലയിൽ നടത്തിപ്പോന്നു.

ആശാന്റെ സാമൂഹികപ്രവർത്തനങ്ങളെ മാനിച്ച് തിരുവിതാംകൂർ സർക്കാർ ശ്രീമൂലം പ്രജാസഭയിലേക്ക് അദ്ദേഹത്തെ നാമനിർദ്ദേശം ചെയ്തു. 1922 ജനുവരി 13-ന് വെയിൽസ് രാജകുമാരൻ മദ്രാസിൽ വച്ച് ആശാനു പട്ടും വളയും സമ്മാനിച്ചു. 1923-ൽ എസ്.എൻ.ഡി.പി.യോഗം പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ടു. 1924 ജനുവരി 16-ന് പല്ലനയാറ്റിലെ ബോട്ടപകടത്തിൽ അന്ത്യം സംഭവിച്ചു.

ദേശീയപ്രസ്ഥാനത്തെ കുമാരനാശാൻ എത്രമാത്രം ഉൾക്കൊണ്ടു എന്നത് വിവാദവിധേയമായ വിഷയമത്രേ. ആശാൻ ദേശീയപ്രസ്ഥാനത്തോടു സഫലമായി പ്രതികരിച്ചില്ല എന്ന് ചില നിരൂപകർ തുറന്നു പ്രസ്താവിക്കുകയുണ്ടായി.[1]

ആശാൻ രാജസ്തുതിപരങ്ങളായ ശ്ലോകങ്ങൾ രചിച്ചതും ദിവാൻമാർക്കു യാത്രാമംഗളം നേർന്നു കൃതികൾ രചിച്ചതും അദ്ദേഹം രാജഭക്തനായിരുന്നു എന്ന നിഗമനത്തിലേക്കു പലരേയും നയിച്ചിട്ടുണ്ട്. ശ്രീമൂലം തിരുനാളിന്റെ ജന്മദിനാഘോഷങ്ങൾക്കും ഷഷ്ടിപൂർത്തിയാഘോഷത്തിനും ആശാൻ മംഗളപത്രങ്ങൾ സമർപ്പിച്ചു. തമ്പുരാട്ടിമാരുടെ വിവാഹത്തിന് ആശംസാപത്രങ്ങളും സമർപ്പിച്ചു. 'ഷഷ്ടിപൂർത്തി മംഗളം'[2], 'പളളിക്കെട്ടു മംഗളാശംസ'[3], 'മംഗളാശംസകൾ'[4] എന്നിവ ഇത്തരത്തിൽപെടും. ദിവാൻമാർ ഔദ്യോഗിക ജീവിതത്തിൽ നിന്നു വിരമിക്കുന്ന സന്ദർഭത്തിൽ 'യാത്രാമംഗളം' എഴുതുകയും ചെയ്തിട്ടുണ്ട്. ദിവാൻമാരായിരുന്ന പി. രാജഗോപാലാചാരി, എം. കൃഷ്ണൻനായർ എന്നിവർ ഔദ്യോഗികസ്ഥാനത്തു നിന്നു വിരമിച്ചപ്പോൾ സമർപ്പിച്ച യാത്രാമംഗളങ്ങളാണ് 'ഒരുയാത്രാമംഗളം' എന്ന പേരിൽ 1912, 1920 വർഷങ്ങളിൽ രചിച്ച രണ്ടു കൃതികൾ.[5]

'ഒരു അനുമോദനം'[6] (1906), 'എഡ്വേർഡ് ചക്രവർത്തിയുടെ പ്രിയപ്പെട്ട പ്രാർത്ഥന'[7] (1909), ഡൽഹി കിരീടധാരണം[8] (1911), സന്ധിഗീതം[9] (1919) തുടങ്ങിയ കവിതകളും മറ്റു ചില കവിതകളിലെ പരാമർശങ്ങളും (ദുരവസ്ഥ, ഗ്രാമവൃക്ഷത്തിലെ കുയിൽ) ബ്രിട്ടീഷ് ഭരണകൂടത്തോട് കുമാരനാശാനുള്ള ആദരവു വ്യക്തമാക്കുന്നവയാണ്. ഇതിനു പുറമേ ബ്രിട്ടീഷ് സാമ്രാജ്യത്വം സമ്മാനിച്ച ബഹുമതി സന്തോഷാതിരേകത്തോടെ കുമാരനാശാൻ ഏറ്റുവാങ്ങിയതും ആശാന് ബ്രിട്ടീഷ് സാമ്രാജ്യത്തോടുള്ള പ്രതിപത്തിക്കു നിദർശനമായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

"എന്തിനു ഭാരതധരേ കരയുന്നു, പാര-
തന്ത്ര്യം നിനക്കു വിധികല്പിതമാണുതായേ
ചിന്തിക്ക ജാതിമദിരാന്ധരടിച്ചു തമ്മി-
ലന്തപ്പെടും തനയരെന്തിനയേ സ്വരാജ്യം".[10]

എന്നിങ്ങനെ 'സ്വരാജ്യം' എന്തിനാണെന്നു ചോദിക്കുന്ന കുമാരനാശാൻ ബ്രിട്ടീഷ് സാമ്രാജ്യത്തെ പിന്താങ്ങുകയായിരുന്നു എന്നും വാദിക്കുന്നവരുണ്ട്.

ആശാൻ രാജസ്തുതിപരങ്ങളായ ശ്ലോകങ്ങൾ രചിച്ചതു് ആ കാലഘട്ടത്തിന്റെ കാവ്യസംസ്കാരത്താലും കവിപാരംപര്യത്താലും പ്രചോദിതനായാണ്. നിലവിലിരുന്ന ഒരു കാവ്യരചനാസങ്കേതത്തെ പിന്തുടരുക മാത്രമാണദ്ദേഹം ചെയ്തതു്.

ബ്രിട്ടീഷ് സാമ്രാജ്യത്തോട് ആശാൻ ആദരം കാട്ടിയതും ബ്രിട്ടീഷ് രാജകുമാരനിൽ നിന്നു പട്ടും വളയും വാങ്ങിയതും പില്ക്കാലത്തു് കടുത്ത

വിമർശനങ്ങൾക്ക് വിധേയമായിട്ടുണ്ട്. അന്നത്തെ സാമൂഹികപശ്ചാത്തലത്തിൽ കുമാരനാശാൻ സ്വീകരിച്ച നിലപാട് നീതീകരിക്കത്തക്കതാണ്. അതിവിശിഷ്ടകൃതികൾ പലതും രചിച്ച് കൈരളിയെ സമ്പന്നമാക്കിയെങ്കിലും രാജകീയമായ അംഗീകാരം ആശാനു ലഭിച്ചില്ല. രാജകീയമായ അവഗണന സഹിക്കേണ്ടിവന്ന സാഹചര്യത്തിൽ, ബ്രിട്ടീഷ് ചക്രവർത്തിയുടെ അനന്തരാവകാശിയിൽ നിന്നും പുരസ്കാരം ആശാൻ സന്തോഷപൂർവ്വം സ്വീകരിക്കുകയാണുണ്ടായത്.

കുമാരനാശാൻ പട്ടും വളയും സ്വീകരിച്ചതിനെ ഈ നിലയിലാണ് അദ്ദേഹത്തിന്റെ സമുദായവും നോക്കിക്കണ്ടത്. കോൺഗ്രസ്സ് നേതാവും ഗാന്ധിഭക്തനും സാമൂഹിക പ്രവർത്തകനുമായിരുന്ന ടി.കെ. മാധവനും ആശാന്റെ അഭിമാനത്തിൽ പങ്കുകൊണ്ടിരുന്നു.[11] തിരുവിതാംകൂറിലെ പൊതുജീവിതത്തിൽ വലിയ നിലയും വിലയുമുള്ള ആളുകൾ ആശാനെ അനുമോദിച്ചുകൊണ്ട് സ്വീകരണയോഗങ്ങളിൽ പ്രസംഗിക്കയും ചെയ്തു.[12]

ബ്രിട്ടീഷ് സാമ്രാജ്യത്തെ പല സന്ദർഭങ്ങളിൽ പുകഴ്ത്തുകയും "എന്തിനയേ സ്വരാജ്യം?" എന്ന് പാടുകയും ചെയ്ത കവിയെ ദേശീയവിരുദ്ധനായി മുദ്രകുത്തുന്നവരും അന്നത്തെ സാഹചര്യങ്ങളെ കണക്കിലെടുക്കുന്നില്ല. ബ്രിട്ടീഷുകാർ ഇൻഡ്യയിൽ നടപ്പിലാക്കിയ ഭരണരീതിയും നീതിന്യായ നിർവ്വഹണരീതികളും താണജാതിക്കാർക്ക് ഒരുപരിധിവരെ മോചനം നേടി കൊടുത്തു. ദേശാഭിമാനം എത്രയുണ്ടെങ്കിലും ദേശത്തെപ്പറ്റി അഭിമാനംകൊള്ളാൻ കഴിയാത്ത അവസ്ഥയായിരുന്നു, ആശാനുൾപ്പെട്ട ഈഴവ സമുദായത്തിന്റേതു്. ദേശാഭിമാനത്തേക്കാൾ പ്രാഥമികമായ ആത്മാഭിമാനത്തെ മുറിപ്പെടുത്തുന്ന അനുഭവങ്ങളാണ് അന്ന് സവർണ്ണഹിന്ദുക്കളിൽ

നിന്നുണ്ടായിരുന്നതു്. ആ മുറിവുകളിൽ അല്പം മരുന്നു തളിച്ച് ചെറിയ ആശ്വാസം നല്കിയതു ബ്രിട്ടീഷുകാരാണു്. ആ ബ്രിട്ടീഷുകാരോട് ആത്മാഭിമാനഭരിതരായ അവർണ്ണനേതാക്കൾ കൂറുള്ളവരായി. ആശാൻ പല സന്ദർഭങ്ങളിലും ബ്രിട്ടീഷുകാരോടുള്ള കൃതജ്ഞത തുറന്നു പ്രകടിപ്പിച്ചതിന്റെ കാരണമിതാണു്.[13]

ദീർഘകാലം നടത്തിയ പ്രക്ഷോഭണങ്ങളുടെയും നിവേദനങ്ങളുടെയും ഫലമായാണു് ഈഴവർക്കും മറ്റു താണജാതിക്കാർക്കും തിരുവിതാംകൂറിലെ സർക്കാർ സ്കൂളുകളിൽ പ്രവേശനം ലഭിച്ചതു്. ഈ അനുവാദം ലഭിച്ചശേഷവും വർണ്ണാഭിമാനികൾ തടസ്സം സൃഷ്ടിച്ചിരുന്നു. ഈ ദുഃസ്ഥിതിയിൽ മനംനൊന്ത ഒരു തിയ്യക്കുട്ടിയുടെ ഹൃദയവികാരങ്ങളാണ് 'ഒരു തിയ്യക്കുട്ടിയുടെ വിചാരം (1083) എന്ന കവിതയിലാവിഷ്കൃതമാകുന്നതു്.

"വിദ്യാവിഹീനത വരട്ടെയിവർക്കുമേലി-
ലുദ്യോഗവും ബലവുമങ്ങനെ പോട്ടെയെന്നാം,
വിദ്യാലയം ചിലതഹോ! തടയുന്നു നാട്ടിൽ
വിദ്യാർത്ഥിമന്ദിരമതും ചില നിഷ്കൃപന്മാർ"[14]

എന്നിങ്ങനെ അനുവദിക്കപ്പെട്ട അവകാശങ്ങൾ കൂടി നിഷേധിക്കുന്ന ജാതിചിന്തയുടെ ക്രൂരതയോർക്കുംപോഴാണു് ആശാൻ 'എന്തിനയേ സ്വരാജ്യം?' എന്നു വിലപിച്ചുപോകുന്നതു്. അപ്പോഴും, 'സ്വരാജ്യം' വേണ്ട എന്നായിരുന്നില്ല കവിയുടെ ഇംഗിതം. സ്വരാജ്യം നേടുവാൻ സാധിക്കാത്ത ഭാരതധരയുടെ പരിദേവനമാണല്ലോ കവി അനുസ്മരിക്കുന്നതു്. ജാതിമദിരാന്ധർ തമ്മിലടിച്ചു നശിക്കുംപോൾ 'സ്വരാജ്യം'

എങ്ങനെ നേടുവാൻ കഴിയും എന്നു ചോദിച്ചുപോകുകയാണു കവി. ഭാരതധര പരതന്ത്രയായിരിക്കുന്നതിലുളള വിഷാദം ഈ വരികളിൽ എനിട വിലിച്ചു നില്കുന്നു. ഇതേ ചോദ്യം പില്കാലത്തു് (1921-ൽ) മഹാത്മാഗാന്ധി ഉന്നയിക്കുകയുണ്ടായി.[15]

ജാതിജന്യമായ അനൈക്യമാണ് ഭാരതീയരെ അടിമകളാക്കിത്തീർത്തതെന്നു് 'ദുരവസ്ഥ'യിൽ ആശാൻ ആവർത്തിച്ചു വ്യക്തമാക്കുന്നു:

"ഹന്തയിജ്ജാതിയെ ഹോമിച്ചൊഴിച്ചാൽ നിൻ
ചിന്തിതം സാധിച്ചു രത്നഗർഭേ"[16]

എന്നു പാടുംപോൾ ജാതികൃതമായ വൈകൃതങ്ങളെ ഹോമിച്ചാൽ ഭാരതത്തിനുണ്ടാകുന്ന നേട്ടമാണല്ലോ സൂചിതമാകുന്നതു്.

വിദ്യാലയപ്രവേശനത്തിനു് വേണ്ടി തിരുവിതാംകൂറിലെ ഈഴവർ പ്രക്ഷോഭണം നടത്തുന്ന കാലത്തു് ബ്രിട്ടീഷുകാർ നേരിട്ടുഭരിച്ചിരുന്ന മലബാറിൽ സ്കൂൾ വിദ്യാഭ്യാസത്തിൽ മാത്രമല്ല, സർക്കാർ സർവ്വീസിലും അവശസമുദായക്കാർക്കു പ്രവേശനം ലഭിച്ചുകഴിഞ്ഞിരുന്നു. പല ഉയർന്ന ഉദ്യോഗങ്ങളിലും അവർ്ണർ നിയമിതരാകുകയും ചെയ്തു. ബ്രിട്ടീഷ് ഭരണത്തിൽ അവശസമുദായങ്ങൾക്കുണ്ടായ അഭ്യുത്ഥാനത്തെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കുന്ന ആശാൻ[17] റാം മോഹൻറോയ്, ഗോപാലകൃഷ്ണ ഗോഖലെ, രവീന്ദ്രനാഥടാഗോർ തുടങ്ങിയ ദേശീയ നേതാക്കളെപോലെ ബ്രിട്ടീഷുകാരുടെ ചില നന്മകളെ അംഗീകരിക്കുക മാത്രമാണു ചെയ്തതു്.

കോൺഗ്രസ്സിൽ ഗാന്ധിയൻയുഗം ആരംഭിക്കുന്നതിനു് ഒരുദശാബ്ദം മുൻപാണു് കുമാരനാശാൻ ഈ കവിതകൾ രചിക്കുന്നതു്. ഗാന്ധിജിക്കു

മുൻപു് കോൺഗ്രസ്സിൽ സവർണ്ണമേധാവിത്തമാണു നിലവിലിരുന്നതു്. അയിത്തോച്ചാടനം കോൺഗ്രസിന്റെ പ്രധാന പരിപാടിയായി അംഗീകരിക്കപ്പെട്ടിരുന്നുമില്ല. ടി.കെ. മാധവന്റെ പരിശ്രമഫലമായാണല്ലോ അതു് കോൺഗ്രസ് പരിപാടിയിലെ മുഖ്യ ഇനമായി സ്വീകരിക്കപ്പെട്ടതു്. സവർണ്ണനേതൃത്വത്തിന്റെ കരങ്ങളിൽ അവർണ്ണർക്കു നീതി ലഭിക്കുമോ എന്ന ശക്തമായ ആശങ്ക കുമാരനാശാനെ ഭരിച്ചിരുന്നു. തൻമൂലം ബ്രിട്ടീഷ് ഭരണം പ്രദാനം ചെയ്ത അനുഗ്രഹങ്ങൾ നഷ്ടപ്പെടുമോ എന്ന ഭയവുമുണ്ടായിരുന്നു. സവർണ്ണരെയും അവർണ്ണരെയും ഒരുമിച്ചിരുത്തി വിദ്യാഭ്യാസം ചെയ്യിക്കുന്നതിനു് സർക്കാർ അനുവദിച്ചപ്പോൾ ഉല്പതിഷ്ണുക്കളായി അറിയപ്പെട്ടിരുന്നവരും പാശ്ചാത്യവിദ്യാഭ്യാസം സിദ്ധിച്ചവരുമായ ചില സവർണ്ണപ്രമുഖൻമാർപോലും അതിനെ എതിർക്കുകയുണ്ടായി.

'ചിന്തിച്ചിടുന്നെളിമ കണ്ടു ചവിട്ടിയാഴ്ത്താൻ
ചന്തത്തിനായ് സഭകളിൽ പറയുന്നുമായം
എന്തോർക്കിലും കപടവൈഭവമാർന്നലോകം
പൊന്തുന്നു, സാധുനിരതാണുവശംകെടുന്നു'[18]

എന്തായിരുന്നു, അനുഭവം.

1916 ഡിസംബർ 31-ന് കൊച്ചി ഈഴവ സമാജത്തിന്റെ അർദ്ധവാർഷിക യോഗത്തിൽ കുമാരനാശാൻ ചെയ്ത പ്രസംഗത്തിൽ തന്റെ ചിന്താഗതി വ്യക്തമാക്കിയിട്ടുണ്ടു്:

"പരിശുദ്ധമായ ഹിന്ദുമതമേ! നിന്റെ പേരിൽ എത്ര മഹാപാപമാണു് ഈ വൈദികമാന്യൻമാർ ചെയ്യുന്നതു്. ഹിന്ദുപണ്ഡിതൻമാർ എത്ര കാലമാണു് ഈ പുണ്ണിനെ പൊതിഞ്ഞുവയ്പാൻ ആശിക്കുന്നതു്. ഈ ഭയങ്കര

വ്യാധിയെ അശേഷം ചിന്തിക്കാതെ ഭാരതമാതാവിന്റെ സ്വയം ഭരണപ്രാർത്ഥികളായ തന്ത്രജ്ഞന്മാർ എന്താണു മോഹിക്കുന്നതു്?"[19]

ജാതിശ്രേണിയിലെ ഉന്നതന്മാരുടെ നേതൃത്വത്തോടാണു തനിക്കു് അവിശ്വാസമുണ്ടായിരുന്നതെന്നു് ആശാൻ 'പ്രതിഭ' മാസികയിലെഴുതിയ ഒരു ലേഖനവും വ്യക്തമാക്കുന്നു:

". . . . . ഇങ്ങനെയുള്ള കാര്യങ്ങളിൽ മുൻനിന്നു പ്രവർത്തിക്കുന്നതു് ഉയർന്ന ജാതിഹിന്ദുക്കളും മറ്റുമാണെന്നു കണ്ടാൽ പിന്നോക്ക വർഗ്ഗക്കാർക്കു് ഒരു ശങ്ക തോന്നുക പതിവാണു്. രാഷ്ട്രീയമായ അസ്വാതന്ത്ര്യത്തേക്കാൾ സാമൂഹികമായ അസ്വാതന്ത്ര്യമാണു് ഈ നാട്ടുകാർ അധികം അനുഭവിച്ചുവരുന്നതു്. അതുകൊണ്ട് രാജ്യഭരണം കൂടി 'ജനങ്ങൾ' എന്ന പേരിൽ ഏതാനും ഉയർന്ന ജാതിയോഗ്യന്മാരുടെ കൈയിൽ അകപ്പെട്ടാൽ മറ്റു വർഗക്കാരുടെ കഥ 'ഓട്ടിൽ നിന്നു് അടുപ്പിൽ' ആയിത്തീരും. അതുകൊണ്ടു് 'മഹാജനസഭ'യെ ജനമഹാസഭയാക്കിത്തീർക്കുവാനാണു് തൽപ്രവർത്തകർ ശ്രമിക്കേണ്ടതു്. അതുവരെ അവരുടെ വാദങ്ങൾക്കൊന്നും ജീവൻ ഉണ്ടായിരിക്കുന്നതല്ല".[20]

'മഹാജന'ങ്ങളുടെ സഭ 'ജനമഹാസഭ'യായി രൂപാന്തരപ്പെടുംപോൾ മാത്രമേ യഥാർത്ഥസ്വാതന്ത്ര്യം ലഭിക്കൂ എന്നു് ആശാൻ ചിന്തിച്ചതും പറഞ്ഞതും അസംഗതമല്ല.

വിവിധങ്ങളായ ചിന്താഗതികൾ ഇഴുകിച്ചേർന്നുണ്ടായ ദേശീയ പ്രസ്ഥാനത്തിനു മുഖ്യമായി രണ്ടു ധാരകളുണ്ടായിരുന്നു. ഒന്നു സാംസ്കാരിക നവോത്ഥാനം. മറ്റൊന്നു രാഷ്ട്രീയനവോത്ഥാനം. ആദ്യമുണ്ടായ സാംസ്കാരികനവോത്ഥാനത്തിന്റെ പിൻബലത്തിലാണ് രാഷ്ട്രീയനവോത്ഥാനമുണ്ടായത്. ഗാന്ധിജി നേതൃത്വമേറ്റെടുത്ത ശേഷമാണു രാഷ്ട്രീയനവോത്ഥാനം ശക്തിപ്പെടുന്നത്. കുമാരനാശാനെ കൂടുതൽ സ്വാധീനിച്ചത് ആദ്യധാരയായിരുന്നു.

ജീവിതത്തിന്റെ എല്ലാ മണ്ഡലങ്ങളേയും സമാശ്ലേഷിക്കുന്ന ഒരു ചൈതന്യമാണ് സാംസ്കാരികനവോത്ഥാനത്തിൽ അന്തർഭവിച്ചിരിക്കുന്നത്. സ്നേഹാധിഷ്ഠിതമായ മനുഷ്യബന്ധങ്ങൾക്ക് പ്രാമുഖ്യം കല്പിക്കുക, സേവനത്തിന് സർവ്വോൽകൃഷ്ടമായ സ്ഥാനം നല്കുക, നവീനവിജ്ഞാനമാർജിച്ച് ചിന്താപരമായ സ്വാതന്ത്ര്യം നേടുക, സർവ്വോപരി വ്യക്തിസ്വാതന്ത്ര്യത്തിൽ ഊന്നുക എന്നിവയൊക്കെ ആ സാംസ്കാരികനവോത്ഥാനത്തിന്റെ സവിശേഷതകളായിരുന്നുവല്ലോ. കല്കത്തയിലെ ജീവിതകാലത്ത് നവോത്ഥാനത്തിന്റെ സ്പന്ദനങ്ങൾ ആശാൻ ഉൾക്കൊണ്ടു. സാംസ്കാരിക നവോത്ഥാനനായകരായ സ്വാമിവിവേകാനന്ദനും മഹാകവി രവീന്ദ്രനാഥടാഗോറും ശ്രീമതി ആനിബസന്റും ആശാനെ ഏറെ സ്വാധീനിച്ചിട്ടുണ്ടെന്നു കാണാം.

വിവേകാനന്ദസ്വാമികൾ ആശാന്റെ ചിന്താഗതികളെ സ്വാധീനിച്ചു എന്ന വസ്തുത അനിഷേധ്യമത്രേ. ആ സ്വാധീനത്തെ അടിവരയിട്ടുറപ്പി

കുന്നതാണ്, ജീവചരിത്രകാരൻമാരുടെ നിഗമനങ്ങൾ.[21] "പുരുഷാർത്ഥ
ങ്ങൾ നേടുവാൻ നാലുമാർഗങ്ങൾ ഹിന്ദുധർമ്മം അനുശാസിക്കുന്നു.
ഭക്തി, കർമ്മം, യോഗം, ജ്ഞാനം എന്നിവ. ഭക്തിമാർഗ്ഗത്തിൽ
മാത്രമൊതുങ്ങാതെ മററു മാർഗ്ഗങ്ങളെയും പരിശീലിക്കുവാൻ കുമാര
നാശാനു കല്ക്കത്തയിലെ വാസത്തിനിടയിൽ സാദ്ധ്യമായി. സ്വാമിവിവേ
കാനന്ദന്റെ സ്വാധീനത അക്കാലത്തു വളരെ പ്രകടമായിരുന്നു".[22]
വിവേകാനന്ദകൃതിയായ 'രാജയോഗ'മാണ് മനുഷ്യമനസ്സുകളെ അപഗ്രഥി
ക്കുവാനുള്ള പ്രചോദനം ആശാനു നല്കിയതെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു.[23]
ആശാൻ 'രാജയോഗം' വിവർത്തനം ചെയ്തതും, തന്റെ മാസികയ്ക്കു
'വിവേകോദയം' എന്ന് അഭിധാനം നല്കിയതും സ്വാമിവിവേകാനന്ദനോ
ടുള്ള ആദരവിന്റെ പ്രകടനമാണ്. സീതയെ ഭാരതീയ സ്ത്രീത്വത്തി
ന്റെ മാതൃകയായി ഉയർത്തുന്ന സ്വാമിവിവേകാനന്ദന്റെ പ്രബന്ധം[24]
'ചിന്താവിഷ്ടയായ സീത'യുടെ രചനയ്ക്ക് മാർഗ്ഗദർശകമായി ചൂണ്ടി
കാണിക്കപ്പെട്ടിട്ടുണ്ടല്ലോ.[25]

സ്വാമി വിവേകാനന്ദന്റെ ദർശനവിശേഷങ്ങളെ സുകുമാർ
അഴീക്കോട് സംഗ്രഹിക്കുന്നതിവിടെ സ്മരണീയമാണ്:

"മതത്തെ ശാസ്ത്രീകരിച്ച സ്വാമിജി മറെറാരു സമന്വയത്തിന്റെയും
പ്രവാചകനായിത്തീർന്നു. ബ്രഹ്മദർശനമെന്നു വച്ചാൽ മനുഷ്യദർശനമാണെ
ന്ന മഹാരഹസ്യത്തെ അദ്ദേഹം അനാവരണം ചെയ്തു. തനെ അനുഗ്രഹിച്ച
അദ്വൈതബോധത്തിൽ സ്വാമികൾ രണ്ടററങ്ങളെ കൂട്ടിത്തൊടുവിച്ചുവെ
ന്നാണ് ഇതിനർത്ഥം. ബ്രഹ്മസാക്ഷാത്കാരത്തിന്റെ ചുററളവിനുള്ളിൽ മനുഷ്യ

സംഗമം ഒഴിച്ചുനിർത്തുവാൻ വിവേകാനന്ദൻ കൂട്ടാക്കിയില്ല. പരാദ്വൈതിയെങ്കിലും പാവാരിബാബയെപ്പോലെ മനുഷ്യന്റെ ജീവിത സമുദ്രത്തിന്റെ ഘോരതരംഗനാദങ്ങളുടെ പ്രതിദ്ധ്വനിപോലുമെത്താത്ത വിദൂരപർവതപ്രദേശങ്ങളിലെ കന്ദരങ്ങളെയും വല്മീകങ്ങളെയും ആശ്രയ സ്ഥാനങ്ങളാക്കിയില്ല. മനുഷ്യസ്നേഹിയും ഈശ്വരഭക്തനുമായ വിവേകാന ന്ദൻ. മാക്സ്മുള്ളർ മുതലായ ചിന്തകപ്രവരരാൽ സ്തുതിക്കപ്പെട്ട അപദാനങ്ങളോടുകൂടിയ പാവാരിബാബയെ തനിക്ക് അനുകരണീയനായ ഒരു വ്യക്തിയായി സ്വാമികൾ കാണാത്തതിനു കാരണമെന്താണെന്നു വ്യക്തമാണ്. 'ത്വം ജീർണ്ണോ ദണ്ഡേന വഞ്ചസി' എന്നു പാടിയ ശ്വേതാശ്വതരമഹർഷി യുടെ ദിവ്യപരംപരയിൽപെട്ട ആളാണ് വിവേകാനന്ദൻ. 'ഈശ്വരൻ പാവത്തെപ്പോലെ വടികുത്തി നടക്കുന്നു' എന്ന ദർശനത്തിലെത്തണമെങ്കിൽ എത്ര ഗഹനമായ അദ്വൈതബോധനത്തിൽ നാം നിമജ്ജനം ചെയ്യേണ്ടതില്ല? വേദാന്തം പ്രായോഗികമാണെന്നും അപ്രായോഗികമായ വേദാന്തം മിഥ്യയാണെ ന്നും അദ്ദേഹം പ്രചരിപ്പിച്ചു. . . . . സ്നേഹം, പരാർത്ഥജീവിതം ആണ് വേദാന്തത്തിന്റെ പ്രായോഗികരൂപം. . . . . 'എനിക്ക് എന്നെ വെറുക്കുവാൻ കഴിയാത്തതുകൊണ്ട് ഞാൻ ഒന്നിനെയും വെറുക്കുന്നില്ല, ഞാൻ എല്ലാറ്റിനെയും സ്നേഹിക്കുന്നു' എന്ന് 'മുക്തന്റെ ഗാനം' ( The Song of the Free ) എന്ന തന്റെ കൃതികളിലൊന്നിൽ പാടിയ സ്വാമികളുടെ തത്ത്വശാസ്ത്രത്തെപ്പറ്റി സംശയിക്കേണ്ടതില്ല. . . .

ദൈവത്തെയും മനുഷ്യനെയും അഭിന്നമായിക്കണ്ട വിവേകാനന്ദൻ ഈ തത്ത്വം പ്രചരിപ്പിക്കുവാനായി വേറെ രണ്ടു വിരുദ്ധതകളെ പാലമിട്ടു ചേർക്കുകയുണ്ടായി-കിഴക്കിനെയും പടിഞ്ഞാറിനെയും-ഇരുട്ടിലാണ്ട പ്രകാശത്തെയും പ്രകാശിക്കുന്ന ഇരുട്ടിനെയും. ഭാരതീയത്വവും വിശ്വപൗരത്വവും ഏകമായിക്കണ്ടു ആ മതിമാൻ"[26]

കുമാരനാശാന്റെ മതാവബോധത്തിൽ വിവേകാനന്ദ ദർശനത്തിന്റെ സ്വാധീനതയുണ്ടു്. ജനസേവനത്തിനു വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കലാണു സന്യാസം എന്ന വിശിഷ്ടമായ തത്ത്വം ആശാൻ ആദ്യമായി ഗ്രഹിക്കുന്നതു് വിവേകാനന്ദനിൽ നിന്നാണു്.[27]

ഹിന്ദുമതത്തിന്റെ ജീർണ്ണതകൾ ദൂരീകരിക്കുവാൻ സംജാതമായ കർമ്മപദ്ധതിയെന്നനിലയിൽ ബൗദ്ധദർശനങ്ങളോട് ആഭിമുഖ്യം പുലർത്തുകയും, മതമെന്ന നിലയിൽ അതിനെ അസ്വീകാര്യമായി കരുതുകയും ചെയ്തു, കുമാരനാശാൻ. വിവേകാനന്ദനു് ബുദ്ധമതത്തോടുണ്ടായിരുന്ന സമീപനവും ഇതുതന്നെയായിരുന്നു.[28]

ഭാരതീയപൈതൃകങ്ങളെ നിരാകരിക്കാതെ പാശ്ചാത്യരുടെ നന്മകളെ സ്വീകരിക്കുവാനുളള സന്നദ്ധതയും ഉച്ഛൃംഖലമായ സ്വാതന്ത്ര്യാഭിനിവേശവും വിവേകാനന്ദ സ്വാധീനത്തിന്റെ ഫലങ്ങളായി കരുതാം.

കല്ക്കത്തയിൽ വച്ച് മഹാകവി ടാഗോറിനെയും അദ്ദേഹത്തിന്റെ കൃതികളെയും അറിയുവാനിടയായതു് ആശാന്റെ പ്രതിഭയുടെ വളർച്ചയിൽ നിർണ്ണായകപങ്കു വഹിച്ചു. ബൗദ്ധസാഹിത്യത്തിൽ നിന്നു് ഇതിവൃത്തങ്ങൾ സ്വീകരിച്ച ടാഗോർ ആശാനു് ഒരു മാതൃകയായിട്ടുണ്ടു്.[29] ആശാന്റെ ദേശീയബോധത്തിന്റെ ആന്തരികഭാവങ്ങൾക്കു് ടാഗോറിന്റെ വീക്ഷണവുമായുളള സാദൃശ്യവും ശ്രദ്ധേയമായിത്തോന്നുന്നു.[30]

മഹാകവി ടാഗോറിന്റെ കേരളസന്ദർശനം പ്രമാണിച്ച് ആശാൻ രചിച്ച 'ദിവ്യകോകിലം'[31] ഒരു മംഗളഗാനത്തിന്റെ ഔപചാരികതയിൽ

കവിയ്ക്ക് ആത്മപ്രചോദിതമായ കവിതയായിട്ടുണ്ട്. 'പ്രരോദന'ത്തിൽ "വംഗദ്യോവിലുദിച്ചുയർന്ന 'രവി'യെ സ്നേഹിക്ക വിശ്വംഭരേ!"[32] എന്ന ആഹ്വാനവും

"സ്വാമിയാം രവിയെ നോക്കിനില്ക്കുമെൻ
താമരേ, തരളവായുവേറ്റു നീ
ആമയം തടവിടായ്ക, തൽകര-
സ്തോമമുണ്ടുതിരിയുന്ന ദിക്കിലും"[33]

എന്ന 'നളിനി'യിലെ ശ്ലോകവും ആശാന്റെ ഹൃദയത്തിൽ പ്രതിഷ്ഠ നേടിയ മഹാകവിയെ അനുസ്മരിപ്പിക്കുന്നു.

ഭാരതത്തിന്റെ ജാതികൃതമായ ആചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും നശിപ്പിച്ച് ഇൻഡ്യയുടെ പ്രാചീനാദർശങ്ങൾ പുനരുദ്ധരിക്കുവാൻ ശ്രമിയ്ക്കുകയും ബ്രഹ്മവിദ്യയിലധിഷ്ഠിതമായ ഹിന്ദുമതദർശനം പ്രചരിപ്പിക്കുകയും ചെയ്ത ശ്രീമതി ആനിബസന്റിന്റെ എഴുപത്തിരണ്ടാം ജന്മദിനം പ്രമാണിച്ച് ആശാൻ രചിച്ചതാണ് 'ഒരു മംഗളാശംസ'. ഇൻഡ്യയിൽ സ്വയംഭരണം ഏർപ്പെടുത്തുവാൻ വേണ്ടി 'ഹോംറൂൾലീഗും' ഇംഗ്ലണ്ടിൽ 'ഇൻഡ്യാ ലീഗും' സ്ഥാപിച്ച ആനിബസന്റിനെ 'സ്വരാജ്യപ്രകാശത്തെ മന്നിൽപരത്തുന്ന പരബ്രഹ്മവിദ്യാലയപ്പൊൻവിളക്കാ"യാണു കാണുന്നത്.

" ഭയം വിട്ടു പൗരസ്ത്യവർഗത്തിനായി-
ജ്ജയം നേടിയിന്നമ്മ പോരാടിടുന്നു.
സ്വയം സിദ്ധമായുള്ള തേജസ്സിനോർത്താൽ
വയസ്സേതയേ! വംശമേതു ലിംഗം!

സ്വരാജ്യപ്രകാശത്തെ മന്നിൽ പരത്തി
സ്ഥിരാനന്ദമാം ദ്യോവു നോക്കിത്തിളങ്ങി
സ്ഫുരൽകാന്തി കൈക്കൊണ്ടു നീ നില്ക നിന്നാൾ
'പരബ്രഹ്മവിദ്യാ'ലയപ്പൊൻ വിളക്കേ".[34]

എന്ന ആശംസയിൽ കവിയുടെ ആത്മാംശമുണ്ട്.

സാമൂഹികപരിവർത്തനങ്ങൾക്കു വേണ്ടി നിലകൊള്ളുകയും പ്രവർത്തിക്കുകയും ചെയ്ത കുമാരനാശാൻ ആത്മീയതയിൽ അധിഷ്ഠിതമായ ദർശനമാണു പുലർത്തിയിരുന്നത്. "ഈശ്വര സങ്കല്പങ്ങൾക്കു വഴിപ്പെട്ടതാണല്ലോ സമൈന്തു മനുഷ്യനുള്ളു"[35] എന്നത് ആശാന്റെ ദൃഢവിശ്വാസമാണ്. ആശാന്റെ ജീവിതവും കൃതികളും ആത്മീയതയും ലൗകികതയും തമ്മിലുള്ള സമീചീനമായ സംയോഗമാണ്. ലൗകികജീവിതത്തിൽ ആകണ്ഠം മുഴുകുന്നതിനെ അംഗീകരിക്കാത്തതും ലൗകിക ജീവിതത്തിലെ മനുഷ്യോചിതമായ നീതികൾക്കുവേണ്ടി ദാഹിക്കുന്നതുമായ ആസ്തിക്യബോധമാണാശാനുണ്ടായിരുന്നത്.

"വേദോപനിഷത്തുകളിലുള്ള ഉദാത്തങ്ങളായ നൈതികമൂല്യങ്ങളിൽ കവി ജീവിതാന്തംവരെ വിശ്വസിച്ചിരുന്നു. ബ്രാഹ്മണമതത്തിന് അനുപൂർവ്വികമായി ഋഗ്വേദാദികളിൽ കൂടി സംശുദ്ധമായ ആർഷധർമ്മം ഭാരതത്തിൽ ദീർഘകാലം പുലർന്നു. നമ്മുടെ ആദ്ധ്യാത്മികമൂല്യങ്ങൾക്ക് ഇന്നും പ്രസക്തിയുണ്ട്. സ്വഗുരുവിനെപ്പോലെ ആശാനും മഹത്തായ ഈ പാരംപര്യത്തിൽ അഭിമാനം കൊണ്ടിരുന്നു. ഹിന്ദുമതത്തെ അദ്ദേഹം എവിടെയെങ്കിലും തള്ളിപ്പറഞ്ഞതായി ചൂണ്ടിക്കാണിക്കാനാവില്ല. അതിലെ അനാചാരങ്ങളെ, വിശിഷ്യ ജാതിവ്യവസ്ഥയെയാണ് ആശാൻ നശിപ്പിക്കാൻ എതിർത്തത്."[36] എന്ന് ആശാന്റെ ജീവചരിത്രകാരൻമാർ വ്യക്തമാക്കുന്നുണ്ട്.

"ഹാ! ശാന്തി'യൗപനിഷദോക്തികൾ തന്നെ നല്കും
ക്ലേശിപ്പതാത്മപരപീഡനമജ്ഞയോഗം;
ആശാഭരം 'ശ്രുതി'യിൽ വയ്ക്കുക നമ്മൾ, പിന്നെ-
യീശാജ്ഞപോലെ വരുമൊക്കെയുമോർക്കപൂവേ"[37]

എന്നിങ്ങനെ ഉപനിഷത്തുകളേയും ശ്രുതികളേയും അവലംബിച്ചാണ് ആശാൻ സ്വാസ്ഥ്യം തേടുന്നത്.

ആശാൻ ബൗദ്ധസാഹിത്യത്തിൽ നിന്ന് ഇതിവൃത്തങ്ങൾ സ്വീകരിച്ച് ബൗദ്ധദർശനങ്ങൾക്കു പ്രചാരം നല്കി. എന്നാൽ ബുദ്ധമതം സ്വീകരിക്കുന്നതിനുള്ള പ്രേരണകളെ ചെറുക്കുകയും ചെയ്തു.[38] ഹിന്ദുമതത്തെ നവീകരിക്കുവാനുള്ള ഉപാധിയായാണ് ബുദ്ധദർശനങ്ങളെ കവി ഉപയോഗിച്ചത്. മതമെന്ന നിലയിൽ അദ്ദേഹത്തിന് സ്വീകാര്യം ഹിന്ദുമതം തന്നെയായിരുന്നു. 'മാറുവിൻ ചട്ടങ്ങളെ' എന്നുദ്ബോധിപ്പിച്ചപ്പോഴും അതു 'രാജ്യത്തെയോർത്തും മതത്തെയോർത്തും'[39] ആണെന്നു വ്യക്തമാക്കുന്ന കവി ഹിന്ദുമതത്തിന്റെ ആസ്തിക്യബോധമുപേക്ഷിക്കുവാൻ തയ്യാറായിരുന്നില്ല.

പരോപകാരപ്രദമായ മനുഷ്യജീവിതത്തിന്റെ മഹിമാതിരേകം വിളംബരം ചെയ്യുന്നവയാണ് ആശാന്റെ കൃതികളിൽ പലതും. പ്രഥമ കൃതിയായ വീണപൂവിൽ തന്നെ പൂവിന്റെ ദൃഷ്ടാന്തത്തിലൂടെ പരാർത്ഥമായ മനുഷ്യജീവിതം മനോഭിരാമവും അർത്ഥപൂർണ്ണവുമാണെന്നു സമർത്ഥിക്കുകയാണല്ലോ കവി ചെയ്യുന്നത്. ജീവിതത്തിന്റെ കാലദൈർഘ്യമല്ല, എത്രമാത്രം അന്യർക്കുപകാരപ്രദമായി എന്നതാണ് മഹത്ത്വം നിർണ്ണയിക്കുവാനുള്ള മാനദണ്ഡമായി കവി കാണുന്നത്.

"കാലം കുറഞ്ഞദിനമെങ്കിലുമർത്ഥദീർഘം
മാലേറെയെങ്കിലുമതീവ മനോഭിരാമം
ചാലേകഴിഞ്ഞിതു യൗവനമെന്നു നിൻെറ-
യീലോലമേനിപറയുന്നനുകമ്പനീയം" [40]

എന്നു് ഹ്രസ്വമെങ്കിലും 'അർത്ഥദീർഘ'മായ ആ ജീവിതത്തിൻെറ വൈശിഷ്ട്യം അനുസ്മരിക്കുന്ന കവി 'നിശിപാന്ഥപാദം ബാധിച്ചു രൂക്ഷശിലവാഴ്വതിൽ നിന്നു മേഘജ്യോതിസ്സുതൻ ക്ഷണികജീവിതമല്ലി കാമ്യം' [41] എന്നു് മറ്റൊരു ദൃഷ്ടാന്തത്തിലൂടെ സ്വാഭിപ്രായം സാധൂകരിക്കുന്നു.

"ആരോമലാം ഗുണഗണങ്ങളിണങ്ങി, ദോഷ-
മോരാതുപദ്രവവുമൊന്നിനു ചെയ്തിടാതെ,
പാരം പരാർത്ഥമിഹവാണൊരുനിൻചരിത്ര-
മാരോർത്തു ഹൃത്തടമഴിഞ്ഞു കരഞ്ഞുപോകാ?" [42]

എന്നു് ക്ഷണികമെങ്കിലും പരാർത്ഥമായിരുന്നതിനാൽ മഹനീയമായിരുന്ന ആ ജീവിതത്തിൻെറ നഷ്ടമോർത്തു വിലപിക്കുംപോൾ കവി അതിൻെറ മൂല്യമുയർത്തിക്കാട്ടുകയാണു്.

നളിനിയിലും ഇതേ അഭിവീക്ഷണം കവി പുലർത്തുന്നതു കാണാം.

"സന്തതം മിഹിരനാത്മശോഭയും
സ്വന്തമാം മധു കൊതിച്ച വണ്ടിനും,
ചന്തമാർന്നരുളിനില്കുമോമലേ,
ഹന്ത! ധന്യമിഹ നിൻെറ ജീവിതം" [43]

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ" [44]

എന്നിങ്ങനെ തന്റെ ജീവിതദർശനം വീണ്ടും കവി ആവിഷ്കരിക്കുന്നു.

ഈ മൂല്യബോധത്തിന്റെ പരിസ്ഫുരണം ആശാന്റെ ഇതര കൃതികളിൽ അങ്ങിങ്ങായി തെളിയുന്നു. "ലോകക്ഷേമോത്സുക" നഥ വിദേശത്തിൽ വാണായതീന്ദ്രൻ എന്നു 'നളിനി' യിലും[45] "ദോഷസ്പർശമെഴാത്തതാം വ്രതമെടുത്തന്യാർത്ഥമായ്" എന്നു ലീലയിലും[46] അതു് വ്യക്തമാകുന്നു. അതിന്റെ വികാസമത്രേ 'കരുണ'യിൽ ലോകസേവനമാണു് സന്യാസത്തിന്റെ ലക്ഷ്യം എന്നു വെളിപ്പെടുത്തുവാൻ കവിയെ സഹായിക്കുന്നതു്.

"നമസ്കാരമുപഗുപ്ത, വരിക ഭവാൻ നിർവ്വാണ-
നിമഗ്നനാകാതെവീണ്ടും ലോകസേവയ്ക്കായ്
പതിതകാരുണികരാം ഭവാദൃശസുതൻമാരെ
ക്ഷിതിദേവിക്കിന്നു വേണമധികം പേരെ"[47]

എന്നിങ്ങനെ നിർവ്വാണത്തേക്കാൾ ലോകസേവനത്തെ പ്രധാനമായി കരുതുന്ന യമികളെയാണു് ആശാൻ ആദരിക്കുന്നതു്.

അപമൂല്യനം സംഭവിച്ച ഭാരതീയസ്ത്രീത്വത്തെ ഉദ്ധരിക്കുവാനുള്ള ശ്രമങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ പ്രാദുർഭാവഘട്ടം മുതൽ ഉണ്ടു്. സതി, ബാല്യവിവാഹം, ബഹുഭാര്യാത്വം, വിദ്യാഭ്യാസനിഷേധം, ആചാരപരമായ പാരതന്ത്ര്യം തുടങ്ങിയവയ്ക്കെതിരായി റാം മോഹൻ റോയിയും ഈശ്വരചന്ദ്രവിദ്യാസാഗറും നടത്തിയ യത്നങ്ങളെപ്പറ്റി മുൻപു പരാമർശിച്ചിട്ടുണ്ടല്ലോ. ഭാരതത്തിൽ സ്ത്രീത്വത്തിനു സംഭവിച്ച അപചയത്തെപ്പറ്റി- 'തരുണികൾതന്നുടെയസ്വാതന്ത്ര്യ' -യെപ്പറ്റി ആശാൻ ഗൗരവമായി ചിന്തിച്ചിരുന്നുവെന്നു് അദ്ദേഹത്തിന്റെ കൃതികൾ വിളംബരം ചെയ്യുന്നു.

സ്ത്രീത്വത്തെ സംബന്ധിച്ച് മലയാളകവിതയിൽ ഏറെക്കാലമായി നിലനിന്ന സങ്കല്പങ്ങളിൽ നിന്നുളള ധീരമായ വ്യതിചലനമാണ് ആശാന്റെ കൃതികളിലുളളത്. 'വീണപൂവി'ൽത്തന്നെ പ്രകടമാകുന്ന ഈ വ്യതിയാനം ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ എന്നീ കൃതികളിൽ സാഫല്യമടയുന്നു.

'ചണ്ഡാലഭിക്ഷുകി'യിൽ ഉൻമത്തയായ കാമുകിയുടെ അവസ്ഥയിൽ നിന്ന് രതിയെ കീഴടക്കി വിരതിയിലെത്തുന്ന ചണ്ഡാലിക സന്യാസിനിയുടെ പദവിയിലേക്കുയരുന്നു. ചിന്താവിഷ്ടയായ സീതയിലാകട്ടെ, അടിച്ചമർത്തപ്പെട്ട സ്ത്രീയുടെ നീതിക്കുവേണ്ടിയുളള വാദമാണുയർന്നു കേൾക്കുന്നത്. 'ദുരവസ്ഥ'യിലെ സാവിത്രി ജാതിയുടെ ഉന്നതശ്രേണിയിൽപ്പെട്ടവളാണ്. എന്നാൽ അവിടെയും സ്ത്രീക്ക് പാരതന്ത്ര്യങ്ങളാണുണ്ടായിരുന്നത്. കീഴ്ജാതിക്കാരുടെ ദൃഷ്ടിയിൽ മേലാളർ 'സ്വതന്ത്രരാ'ണെങ്കിലും ഇല്ലത്തെ നാലുകെട്ടിന്റെ ചുവരുകൾക്കുളളിൽ തളയ്ക്കപ്പെട്ട അന്തർജനങ്ങൾ അനുഭവിക്കുന്ന അസ്വാതന്ത്ര്യങ്ങളെക്കുറിച്ച് ആശാൻ ബോധവാനായിരുന്നു, എന്ന് 'ദുരവസ്ഥ' വ്യക്തമാക്കുന്നു. ഒരു സാമുദായിക കലാപത്തിന്റെ പശ്ചാത്തലത്തിൽ അനിവാര്യമായ സാഹചര്യത്തിലാണെങ്കിലും ധീരമായിത്തന്നെ ജീവിതത്തെ നേരിടുന്ന 'സാവിത്രി' സ്ത്രീയെക്കുറിച്ചുളള പുതിയ വീക്ഷണത്തെ സമർത്ഥീകരിക്കുന്നു.

സ്ത്രീ-പുരുഷബന്ധത്തിനു നിദാനം വൈഷയികമായ കാമം മാത്രമാണെന്ന ഫ്യൂഡൽ ചിന്താഗതിയുടെ പ്രതിഫലനം മണിപ്രവാള കൃതികളിൽ കണ്ടുമടുത്ത സഹൃദയർക്ക് അതിന്റെ ആത്മീയപ്രഭാവം കാട്ടിക്കൊടുത്തതു കുമാരനാശാനാകുന്നു. സ്ത്രീ-പുരുഷബന്ധത്തിന് സ്വാർത്ഥാനപേക്ഷവും

സർവ്വോന്നതവുമായ ഭാവം നല്കി പാവനമായ ആത്മൈക്യമായി അതിനെ രൂപാന്തരപ്പെടുത്തുകയാണ്, ആശാൻ.

'വീണപൂവു' മുതൽ തന്നെ ഈ ദർശനത്തിന്റെ ആവിഷ്കാരമുണ്ട്. 'തെല്ലെങ്കിലും ശലഭമേനിയെ മാനിയാതെ ഭ്രമരവര്യനെ വരിച്ച' കുസുമം 'അന്യകാമുകരെയൊക്കെ മടക്കി'യെന്ന് ഭൃംഗം തന്നെ സാക്ഷ്യപ്പെടുത്തുന്നു. 'നളിനി'യിലും 'ലീല'യിലും ആവിഷ്കൃതമാകുന്ന പ്രേമബന്ധങ്ങളും ഈ ദർശനത്തിന്റെ പ്രഖ്യാപനങ്ങളെന്ന നിലയിൽ പ്രഖ്യാതങ്ങളാണല്ലോ.

ആനന്ദനെ പ്രേമപരവശയായി പിന്തുടരുന്ന മാതംഗി എന്ന ചണ്ഡാലികയും, വേശ്യാവൃത്തിയിലേർപ്പെട്ടുകൊണ്ടു തന്നെ ഉപഗുപ്തന്റെ 'പ്രണയം മാത്രം' കൊതിച്ച വാസവദത്തയും കേവലമായ പ്രേമത്തിന്റെ ശക്തി വിളംബരം ചെയ്യുന്നു.

ദുരവസ്ഥയിലെ ചാത്തനും സാവിത്രിയും സ്ത്രീ-പുരുഷബന്ധത്തെപ്പറ്റി ഉന്നതമായ ആദർശങ്ങൾ പുലർത്തുന്നവരാണ്. ജീവിതേശ്വരനെക്കുറിച്ച് സാവിത്രിക്കുള്ള സങ്കല്പം ഫ്യൂഡൽ സംസ്കാരത്തിൽ നിന്ന് വളരെ ഉയർന്നു പോകുന്നു.

> "രൂപവാനല്ലെങ്കിലുമപ്പുമാനന്യ-
> സ്ത്രീപരതന്ത്രനാകാതിരുന്നിടേണം" [48]

ചാത്തന്റെ ബുദ്ധിയും സ്നേഹവും താഴ്മയും ഔദാര്യവും ചാരിത്ര്യവും പ്രകീർത്തിക്കപ്പെടുന്നുണ്ട്. ഏറെ പ്രകീർത്തിതം അവന്റെ മനോനിയന്ത്രണമത്രേ.

"നല്ലോരവസരം വന്നാൽ വിഷയങ്ങ-
ളെല്ലാരെയും ഭ്രമിപ്പിക്കുമെന്നായ്
ചൊല്ലുന്നതു പൊളിയാകി നിയുണ്ടാവാ-
നില്ല സൗകര്യമീവണ്ണമാർക്കും" [49]

എന്നിങ്ങനെ ചാത്തന്റെ മനോനിയന്ത്രണത്തെ വാഴ്ത്തുന്നു. സമുദായത്തിൽ നിലവിലിരിക്കുന്ന സദാചാരബോധം എത്ര തരംതാണിരുന്നു എന്നു കൂടി സാവിത്രി അനുസ്മരിക്കുന്നുണ്ട്.

"ഇങ്ങനെയൊന്നുമില്ലാതെയുമെത്രയോ
പൊങ്ങുമന്തസ്സിലിരിപ്പവർ തൻ
ഹാസജനകമാമോരോരോ ചരിത്രങ്ങൾ
ദാസിമാർ ചൊല്ലി ഞാൻ കേട്ടിരിപ്പു" [50]

മാത്രമല്ല, കൃഷ്ണഗാഥയിൽ നിന്നു് 'രാസക്രീഡ' വായിച്ചു കേൾപ്പിച്ചാൽ സച്ചരിതനായ ചാത്തൻ നീരസം പ്രകടിപ്പിക്കുമെന്നുകൂടി അവൾ സംഭാവനം ചെയ്യുന്നുണ്ട്.

ദാമ്പത്യത്തെക്കുറിച്ചു് സാവിത്രി പുലർത്തുന്ന ഉദാത്തമായ സങ്കല്പങ്ങളാണു് പറവകളുടെ ദാമ്പത്യത്തെ തെല്ലസൂയയോടെ നോക്കി കാണുവാൻ അവളെ സജ്ജയാക്കുന്നതു്.

"അത്രയുമല്ലിവതന്നുടെ ഗാർഹസ്ഥ്യ
മെത്രമനോഹരമെത്രശുദ്ധം
തന്നുള്ളമാരിലലിഞ്ഞു ലയിക്കുമ-
ദ്ധന്യമായോരിണയെത്തനിക്കായ്
തന്നത്താൻതന്നെ വരിച്ചു ജീവിക്കുന്നു
പിന്നെ മരിപ്പോളം വേർപെടാതെ" [51]

തിര്യക്കുകളിൽപോലും ദർശനീയമാകുന്ന ദാമ്പത്യ വിശുദ്ധി അന്നത്തെ ജാതിഘടനയുടെ ഉന്നതശ്രേണിയിൽ അസുലഭമായിരുന്നുവെന്നു ഭംഗ്യന്തരേണ കവി അഭിപ്രായപ്പെടുന്നു.

'നിഷ്കപടതയോട്' എന്ന ലഘുകവിതയിലെ

"ജീവിതരണത്തിലതിമാനമൊടുമാനെൻ
ദേവിയുണ്ണനില്ക്കിൽ വിജയിപ്പിനതിനാലേ,
പൂവിൽ മണവും മണിവിളക്കിലൊളിയും പോൽ
നീ വിലസുകെന്റെ മനതാരിൽ മറയാതെ"[52]

എന്നു് കാമുകിയെ സാന്ത്വനപ്പെടുത്തുന്ന കാമുകൻ പ്രേമതരംഗിതമായ ഹൃദയഭാവങ്ങളെയാണാവിഷ്കരിക്കുന്നതു്.[53]

കാവ്യജീവിതകൗമാരത്തിൽ ശൃംഗാരശ്ലോകങ്ങളെഴുതിയ കുമാരനാശാനെ 'ശൃംഗാരകൃതികളെഴുതരുതു്' എന്നു് തിരുത്തിയ ശ്രീനാരായണഗുരുവിന്റെ സ്വാധീനതയോടൊപ്പം നവോത്ഥാനനായകൻമാരുടെ ആദർശങ്ങളും, സ്ത്രീപുരുഷബന്ധത്തെ ആദർശവല്ക്കരിക്കുവാൻ കവിക്കു് പ്രചോദനമായിട്ടുണ്ടു്.

ജാതികൃതമായ ഉച്ചനീചാവസ്ഥകൾ കൊണ്ടു സമൂഹം വിഘടിതമായിരുന്ന ഒരു കാലത്തു് സമുദായശ്രേണിയിലെ അധഃസ്ഥിതതലത്തിലാണു് കുമാരനാശാൻ ജനിച്ചതു്. അധഃകൃതരുടെ ജീവിതത്തിനു സ്വച്ഛന്ദവികാസമനുവദിക്കാത്ത സമൂഹഘടനയുടെ ക്രൗര്യത്തോടുള്ള ആശാന്റെ പ്രതികരണം പരിവേദനത്തിന്റെയും അമർഷത്തിന്റെയും ആഹ്വാനത്തിന്റെയും സ്വരഭേദങ്ങൾ കലർന്നു് കൃതികളിൽ മാറ്റൊലിക്കൊള്ളുന്നു. ജാതിയുടെ യാഥാർത്ഥ്യവും അയാഥാർത്ഥ്യവും

ഏകമനസ്സിൽ ഏറ്റുവാങ്ങുവാൻ ആശാനെ സമർത്ഥനാക്കുന്നതിൽ നാരായണഗുരു വഹിച്ച പങ്ക് നിസ്തുലമാണ്. ഗുരുമുഖത്തുനിന്നും ഗ്രഹിച്ച ആർഷസത്യം, വ്യാവഹാരികതയുടെ സാംസാരികദുരിതങ്ങളെ തരണം ചെയ്യുവാനും സഹായമായി. കേരള ദേശീയതയുടെ ജൈവസ്രോതസ്സാണ്, ഗുരുവാണിയായി ശിഷ്യ കവിയിലേക്ക് ഒഴുകിയണഞ്ഞത്.

'ഒരു അനുമോദനം', 'ഭാഷാമനീഷാപഞ്ചകം', 'ഒരുപാട്ട്', 'ഒരു തീയക്കുട്ടിയുടെ വിചാരം', 'ദുഷിതമായ ന്യായാസനം', 'സ്വാമിതിരുനാൾ മംഗളങ്ങൾ', 'ഗുരു', 'സിംഹനാദം', 'ഒരു ഉദ്ബോധനം', 'പരിവർത്തനം', 'സ്വാതന്ത്ര്യഗാഥ', 'പ്രഭാതനക്ഷത്രം', 'ചണ്ഡാലഭിക്ഷുകി', 'ദുരവസ്ഥ' എന്നീ കൃതികൾ ഈഴവസമുദായോൽക്കർഷമോ ജാത്യാചാര വിമർശനമോ ലക്ഷ്യമാക്കുന്നു.

'അനുമോദനം', 'ഒരുദുഷിതമായ ന്യായാസനം', 'ഒരു തീയക്കുട്ടിയുടെ വിചാരം' എന്നീ കവിതകളിൽ ജാതിഭേദം മൂലം നീതി നിഷേധിക്കപ്പെട്ട ഈഴവസമുദായത്തിന്റെ പരിവേദനം മുഴങ്ങുന്നു.

"നരനുനരനശുദ്ധവസ്തുപോലും
ധരയിൽ നടപ്പതു തീണ്ടലാണുപോലും
നരകമിവിടമാണു ഹന്ത കഷ്ടം
ഹര! ഹര! ഇങ്ങനെവല്ലനാടുമുണ്ടോ"[54]

(സിംഹനാദം)

എന്നിങ്ങനെ അമർഷം കൊള്ളുന്ന കവി 'എന്തിനയേ സ്വരാജ്യം' എന്ന് 'ഒരുതീയക്കുട്ടിയുടെ വിചാരം' എന്ന കവിതയിലും വിരുദ്ധോക്തിയുടെ മൂർച്ച പ്രയോഗിക്കുന്നു.

ജാതിഭേദം നിമിത്തം കേരളഭൂമിക്കുണ്ടാകുന്ന നഷ്ടം ബോദ്ധ്യപ്പെടുത്തുവാനുള്ള ശ്രമവും കവി നടത്തുന്നുണ്ട്. 'എത്രയോ തുഞ്ചൻമാരും കുഞ്ചൻമാരും ശങ്കരാചാര്യൻമാരും ക്രൂരയാം ജാതിയാൽ' കേരളത്തിനു നഷ്ടമായി എന്നനുസ്മരിപ്പിക്കുന്ന കവി 'പണ്ടു മഹർഷിമാർ തന്നെ പതിതരാം തണ്ടാർ നയനമാരിൽ ജനിച്ചിട്ടുള്ളതും' ഓർമ്മിപ്പിക്കുന്നു.

വ്യക്തികളുടെ സ്വതന്ത്രമായ വളർച്ചയെ നിരോധിക്കാത്ത ഒരു സമൂഹത്തിൽ മാത്രമേ പ്രതിഭാശാലികൾ വളർന്നുവരികയുള്ളു എന്ന് ബോദ്ധ്യപ്പെടുത്തുവാനാണ് കവിയുടെ അഗ്രഹം. എല്ലാ വ്യക്തികളുടെയും ഉയർച്ചയാണ് ഈശ്വരേച്ഛ എന്ന തത്ത്വവും ധ്വനിപ്പിക്കുന്നുണ്ട്.[55]

ജാതിചിന്തയുടെ മൂലകാരണമന്വേഷിക്കുന്ന കവി സമൂഹത്തിന്റെ സാകല്യമായ ഉത്കർഷം സഹിക്കാനാവാത്ത സങ്കുചിതമനസ്സുകളുടെ സൃഷ്ടിയാണതെന്നു വ്യക്തമാക്കുന്നു.

"വ്യാമോഹമാർന്നും സുഖത്തിൽ-പര
ക്ഷേമത്തിൽ വിപ്രിയമാർന്നും
പാമരചിത്തം പുകഞ്ഞു-പൊങ്ങും
ധൂമമാമീർഷ്യതാൻ 'ജാതി'
ഗർവ്വമായും ദ്വേഷമായും-പിന്നെ
സർവ്വമനോരോഷമായും
ആയതു മാറുന്നുവർണ്ണം-സ്വയം
സായന്തനാംബുദം പോലെ" എന്നും[56]

"ചൊല്ലിനേ നീർഷ്യയല്ലാതെ-മർത്ത്യ-
ർക്കില്ലതാനില്ല താൻ ജാതി"[57]

എന്നു 'ചണ്ഡാലഭിക്ഷുകി'യിലും

"പരരിലലിവെഴാത്ത ദുർജ്ജനത്തിൻ
കരബലകല്പിതമാണു ജാതിഭേദം
ദുരയൊടവർമിടഞ്ഞുവെച്ച മൗഢ്യ-
ത്തിരയിലൊലിക്കരുതാരുമാത്മദീപം"[58]

എന്ന് 'സിംഹനാദ'ത്തിലും വ്യക്തമാക്കുന്ന കവി, ഇത്തരം ഭേദചിന്തകളില്ലാത്തതിനാൽ മനുഷ്യേതരജീവികൾ 'സ്വച്ഛന്ദവൃത്തികളാ'യി കഴിയുന്നതും ചൂണ്ടിക്കാട്ടുന്നു. 'സംതൃപ്തിയാർന്നു ചരിക്കുമീ പ്രാക്കളെ' നോക്കി പഠിക്കുക എന്നതാണു കവിയുടെ ഉപദേശം.

'കണ്ടാലറിയാൻ കഴിയാത്തഭേദത്താ-
ലിണ്ടലവർക്കില്ല 'ജാതി' മൂലം'[59]
(ദുരവസ്ഥ)

എന്നതാണവയുടെ അഭികാമ്യമായ അവസ്ഥയ്ക്കു നിദാനം.

'തമ്പടഹമടിച്ചു ജാതി രക്ഷ-
സ്സമ്പൊരിടങ്ങളിലൊക്കെയെത്തി നേർപ്പിൻ'[60]

(സിംഹനാദം) എന്നാഹ്വാനം ചെയ്യുന്നുണ്ടെങ്കിലും ഈശ്വരോന്മുഖമായ ചിന്താഗതികൾ കൊണ്ടുതന്നെ ജാതിചിന്തയേയും നശിപ്പിക്കാം എന്നു കവി കരുതിയിരുന്നതായി തോന്നുന്നു. 'ഒന്നല്ലി നാമയിസഹോദരരല്ലി പൂവേ/ ഒന്നല്ലി കൈയിതുചമച്ചതുനമ്മെയെല്ലാം'[61] എന്നും 'കില്ലില്ല ധാതാവേ! നിന്റെ തൃക്കണ്ണിനുതെല്ലുമീജാതിഭേദങ്ങളില്ല'[62] എന്നും ചോദിക്കുമ്പോൾ ഈശ്വരന്റെ പിതൃത്വത്തിലൂന്നിയുള്ള സാഹോദര്യമാണല്ലോ കവി ആവശ്യപ്പെ

ടുന്നതു്. 'മാറുവിൻ ചട്ടങ്ങളെ' എന്നു താക്കീതു നല്കുമ്പോഴും 'രാജ്യത്തെയോർത്തും മതത്തെയോർത്തും പിന്നെ പ്രാജ്യരാം നിങ്ങളെത്തന്നെയോർത്തും'[63] ഇതു ചെയ്യുവാനാണാവശ്യപ്പെടുന്നതു്.

തീണ്ടലും തൊടീലും അവസാനിച്ചു കിട്ടുക എന്നതിലുപരി മനുഷ്യത്വത്തിന്റെ വികാസത്തെയാണു് കവി ആഗ്രഹിച്ചതു്.

നവസമൂഹരചനയിൽ നവീന വിദ്യഭ്യാസത്തിനുള്ള പങ്കും ആശാൻ പരിഗണിക്കാതെയിരുന്നില്ല.

"എന്തല്ലയാംഗല കലാലയകളിൽവിദ്യ-
യൊന്നെന്നിയുന്നതിവരാനിഹ മാർഗ്ഗമില്ല"[64]

എന്നു് 'ഒരു തീയക്കുട്ടിയുടെ വിചാര'ത്തിലും

'ഉല്പത്തിനീചനുമക്ഷരയോഗത്താൽ
ക്ഷിപ്രം മഹിമതേടവീടുന്നു,
സിദ്ധരസപ്രയോഗത്തിനാൽ ചെമ്പുതാ-
നുത്തമ കാഞ്ചനമാകുംപോലെ'[65]

എന്നു 'ദുരവസ്ഥ'യിലും വിദ്യാഭ്യാസത്തിന്റെ മഹത്ത്വം എടുത്തുകാട്ടുന്ന കവി, സാർവ്വത്രിക വിദ്യാഭ്യാസത്തിനായി വാദിച്ച സാംസ്കാരികനവോത്ഥാനനായകന്മാരുടെ കൂടെയാണു്.

ദേശീയപ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കൾ മതപരിഷ്കരണത്തിലൂന്നിയ സാമൂഹ്യപ്രവർത്തനങ്ങളിലാണു് ഏർപ്പെട്ടതു്. ചിലർ ഹൈന്ദവാചാരങ്ങളെ നിശിതമായി വിമർശിച്ചു. മറ്റുചിലരാകട്ടെ, പൗരാണിക

സംസ്കാരത്തിൽ അഭിമാനം കൊണ്ടു. ഈ രണ്ടുവിരുദ്ധ ചിന്താഗതികളും ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായിത്തീർന്നു.

ഹിന്ദുസമൂഹത്തിൽ നിലനിന്നിരുന്ന ജാതിസംപ്രദായവും സ്ത്രീകളുടെ അസ്വാതന്ത്ര്യവുമാണ് ആശാനെ ഏറ്റവുമധികം മഥിച്ചത്. 'തരുണീപാദജ ഗർഹിണി'യായ 'ശ്രുതി'കൾക്കും 'മുൻപോട്ടു കാലം കടന്നുപോകാതെ കോട്ട കെട്ടിയ' 'സ്മൃതി'കൾക്കും നേരെ ആശാന്റെ പ്രതിഷേധമുയരുകയും ചെയ്തു. എന്നിട്ടും ഭാരതീയമായ പരിഹാരങ്ങളാണ് ആശാൻ തേടിയത്. മാതൃകയായ പാശ്ചാത്യതയെ മാതൃകയാക്കാതെ കവി പ്രത്യഭിജ്ഞതയ്ക്കായി ഭാരതത്തിന്റെ ഭൂതകാലത്തിൽ നിന്ന് മഹിതമായൊരു ഏടകത്തെ കണ്ടെത്തി- ബുദ്ധമതത്തെ. ഹിന്ദുമതത്തിന്റെ ജീർണ്ണാവസ്ഥകൾക്കെതിരായി ഉയർന്നു വന്ന നവീകരണ പ്രസ്ഥാനമെന്നനിലയിൽ ബുദ്ധമതമാണ് ആശാന് പ്രതീക്ഷയായത്. 'ലൈറ്റ് ഓഫ് ഏഷ്യ' വിവർത്തനം ചെയ്യുംപോഴും ബൗദ്ധപ്രമേയങ്ങളെ ഉപജീവിച്ച് ഖണ്ഡകാവ്യങ്ങൾ വിരചിക്കുംപോഴും ബൗദ്ധപ്രമേയങ്ങളെ ഉപജീവിച്ച് ഖണ്ഡകാവ്യങ്ങൾ വിരചിക്കുംപോഴും, ആശാനിലെ കവിസ്വത്വം തഥാഗത സന്നിധിയിൽ പ്രണമിക്കുകയായിരുന്നു.

ഭാരതത്തിന്റെ ആദികാവ്യമായ രാമായണത്തോടും കവിക്കുണ്ടായ ആഭിമുഖ്യം വെളിപ്പെടുത്തുന്നതാണല്ലോ 'ബാലരാമായണം'. രാമായണ കാവ്യത്തെ കുട്ടികൾക്കുവേണ്ടി പുനരാഖ്യാനം ചെയ്തത്. തന്റെ ബാല്യ ഭൂതകാലത്തിലേക്കുള്ള മടങ്ങിപ്പോക്കായും കരുതാം.

ദേശീയപ്രസ്ഥാനത്തിന്റെ സവിശേഷധാരയാണ് സ്വന്തം ഭാഷയോടും സംസ്കാരത്തോടുമുള്ള ആഭിമുഖ്യവും ആദരവും. ബ്രിട്ടീഷ് ആധിപത്യത്തിലൂടെ ഭാരതീയഭാഷകളും ഭാരതത്തിന്റെ പ്രാദേശിക സംസ്കാരങ്ങളും

അവഗണിക്കപ്പെടുകയും ഇംഗ്ളീഷ് ഭാഷയും ഇംഗ്ളീഷുകാരുടെ സംസ്കാരവും മാന്യത നേടുകയും ചെയ്തിരുന്നു. നവോത്ഥാനപ്രസ്ഥാനത്തോടെ ഇതിനൊരു മാററമുണ്ടായി. ഗാന്ധിജി ദേശീയപ്രസ്ഥാനത്തിന്റെ നേതൃത്വം ഏറെടുത്തശേഷം പ്രാദേശികഭാഷകൾക്കും സംസ്കാരങ്ങൾക്കുമുള്ള പ്രാധാന്യം കല്പിക്കപ്പെട്ടു. ബംഗാളിലും മററും നവോത്ഥാനത്തിന്റെ ആരംഭ കാലത്തു തന്നെ നാട്ടുഭാഷയെക്കുറിച്ചും നാടൻ സംസ്കാരത്തെക്കുറിച്ചുമുള്ള അഭിമാനം ഉണർന്നു തുടങ്ങിയിരുന്നു. ആശാന്റെ അവസാന കൃതികളിൽ, നിലവിലിരുന്ന നിയോ-ക്ളാസിക്ക് കാവ്യഭാഷയിൽ നിന്നു വിഭിന്നമായി മലയാള ത്തനിമ ഉൾക്കൊള്ളുന്ന ഒരു നവ്യഭാഷയും ദ്രാവിഡവൃത്തങ്ങളും ദൃശ്യമാകുന്നു.

സ്വാതന്ത്ര്യത്തെ ഒരു ദാർശനികമായ ആശയമായി കണ്ടു് അതിനെ പ്രാണതുല്യം സ്നേഹിച്ച കവിയാണു കുമാരനാശാൻ. 'ഉദ്ബോധനം' എന്ന കവിത മന്ത്രതുല്യമത്രെ:

> "സ്വാതന്ത്ര്യം തന്നെയമൃതം
> സ്വാതന്ത്ര്യം തന്നെ ജീവിതം
> പാരതന്ത്ര്യം മാനികൾക്കു
> മൃതിയേക്കാൾ ഭയാനകം" 66

പരതന്ത്രമായ മനുഷ്യാവസ്ഥയിൽ ആശാന്റെ മനസ്സ് അസ്വാസ്ഥ്യം കൊണ്ടു. മനുഷ്യനെക്കാൾ സ്വാതന്ത്ര്യമനുഭവിക്കുന്ന തിര്യക്കുകളോടു് കവി മനസ്സിനു് അസൂയയാണു്:

> "നൂനം മനോഹരവനങ്ങളിലിച്ഛപോലെ
> യാനന്ദമാർന്നുമരുവും ചിരജീവിവൃന്ദം
> ജ്ഞാനം വഹിക്കുകിലവററയിലേകമാകാൻ
> ഞാനെപ്പൊഴുംമതിയിൽ മോഹമിയന്നിരുന്നു" 67

സാഹിത്യത്തിലെ യാഥാസ്ഥിതികത്വമായ നിയോ-ക്ലാസിസിസത്തെ ഭേദിച്ച് ഒരു കാല്പനികകവിയായി ഉയരുവാൻ ആശാന് ശക്തി നല്കിയതും സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ബോധമാണ്. അദമ്യമായ ആ സ്വാതന്ത്ര്യബോധം വിവിധ പരിണാമങ്ങൾക്കു വിധേയമായി 'വ്യക്തിപ്രതിഷ്ഠാപനവ്യഗ്രതയും നിരങ്കുശമായ മനുഷ്യസ്നേഹവുമായി' കരുത്തു നേടി എന്നു [68] ചൂണ്ടിക്കാണിക്കപ്പെടുന്നു.

കാല്പനികകവിയായ കുമാരനാശാൻ സ്നേഹത്തെ തന്റെ പ്രകൃഷ്ട കൃതികൾക്ക് ഇഷ്ടപ്രമേയമാക്കി. സ്വാതന്ത്ര്യത്തിലേക്കുള്ള കവാടമാണ് കവിക്ക് സ്നേഹം. സ്വാതന്ത്ര്യമെന്ന ആശയത്തെ അഗാധമായി മറ്റൊരു മലയാളകവിയും കണ്ടിട്ടില്ല എന്ന് നിരീക്ഷിക്കപ്പെട്ടിട്ട് :

"രാഷ്ട്രീയസ്വാതന്ത്ര്യത്തിനോട് കുമാരനാശാനുള്ള സമീപനം എത്ര അപര്യാപ്തമായിരുന്നാലും സ്വാതന്ത്ര്യമെന്ന ആശയത്തെ ഇത്രഗാധമായി മനസ്സിലാക്കിയ മറ്റൊരു മലയാള കവിയും ഉണ്ടെന്നു തോന്നുന്നില്ല. മുള്ള് ഊരിക്കളയുമ്പോൾ കിട്ടുന്ന സ്വാസ്ഥ്യം പോലെ ജാതീയമായ അസമത്വങ്ങൾ എടുത്തു കളയുമ്പോൾ കിട്ടുന്ന സൗഖ്യമാണ് സ്വാതന്ത്ര്യമെന്ന് അദ്ദേഹം തെറ്റിദ്ധരിച്ചില്ല. ജീവിതങ്ങൾ പാഴായിപ്പോകാത്തതും, അഹന്തയും നിസ്സാരതാബോധവും മനുഷ്യനെ വികൃതമാക്കാത്തതുമായ ഒരു വ്യവസ്ഥിതിയുടെ നിർമ്മാണത്തിനുള്ള തടമൊരുക്കൽ മാത്രമാണ് അസമത്വങ്ങളുടെ നിർമാർജനം. ആ വ്യവസ്ഥിതിയുടെ ആന്തരികചൈതന്യം സ്നേഹമാണ്. അംഗീകാരം, സംരക്ഷണം, പോഷണം, പ്രചോദനം എന്നിങ്ങനെ എല്ലാ രീതിയിലും എല്ലാവർക്കും സ്നേഹം അനുഭവപ്പെടുന്ന അവസ്ഥയെയാണ് അദ്ദേഹം സ്വാതന്ത്ര്യമായിക്കണ്ടത്." [69]

സത്യം, സമത്വം, സ്നേഹം എന്നിവ സ്വാതന്ത്ര്യസ്വർഗത്തിലേക്കു നയിക്കുന്നു എന്നു വ്യക്തമാക്കുന്നുണ്ട്:

"സത്യംശ്വസിച്ചും സമത്വം കണ്ടും സ്നേഹ-
സത്തുനുകർന്നും കൃതാർത്ഥരായി
സദ്ധർമ്മത്തൂടെ നടക്കട്ടെ മാനവ-
രിദ്ധരസ്വർഗമായ്ത്തീർന്നിടട്ടെ" [70]

തന്റെ കൃതികൾക്കു് ഉത്തരഭാരതം പശ്ചാത്തലമായുപയോഗിച്ചപ്പോൾ ആശാൻ അഖണ്ഡഭാരതത്തെക്കുറിച്ചുള്ള കാഴ്ചപ്പാടാണ് വെളിപ്പെടുത്തിയത്. 'ഭാരതമയൂരം' [71] എന്ന കവിതയിൽ ഭാരതത്തിന്റെ ലോകോത്തര മഹത്വങ്ങളെ കവി പ്രകീർത്തിക്കുന്നു. ഏഴാഴിചുഴന്ന ലോകമാകെ നോക്കിയാലും ഇങ്ങനെ ഭംഗിയിലിണങ്ങി വിളങ്ങുന്ന ഒരു ഈശ്വരസൃഷ്ടി ഉണ്ടാകുകയില്ലെന്നാണു കവിയുടെ അഭിമാനം. "നിത്യസ്വരാജ്യമാളും അത്യുന്നതശ്രീയമ്മ ഭാരതഭൂമിയാണാനന്ദവാസഭൂമി" [72] എന്ന് ദേശീയപ്രസ്ഥാനത്തിലൂടെ ഉയർന്നുവന്ന ദേശാഭിമാനത്തിന്റെ സ്വരം മുഴങ്ങുന്നുണ്ട് ഈ കവിതയിൽ.

## കുറിപ്പുകൾ

1. "മലയാള സാഹിത്യത്തിലെ നവോത്ഥാനമെന്നതു കൊണ്ടു മുഖ്യമായുദ്ദേശിക്കുന്നത്, ഏതാണ്ടിതേ കാലത്തു ഗാന്ധിജിയുടെ ആഹ്വാനത്തിൽ ഇൻഡ്യയുടെ മറ്റു ഭാഗങ്ങളോടൊപ്പം ഈ കേരളമാകെ തട്ടിപ്പിടഞ്ഞെണീറ്റതിനെയാണ്. കുമാരനാശാന് അതിൽ വലിയ പങ്കില്ല താനും".

കുട്ടികൃഷ്ണമാരാര്. <u>പലരും പലതും</u>. (മാരാർ സാഹിത്യപ്രകാശം, കല്ലായി, കോഴിക്കോട് ) 1989 പു. 53.

2. കുമാരനാശാന്റെ പദ്യകൃതികൾ (വാല്യം 2 ) (ശാരദാബുക്ക്ഡിപ്പോ, ആലുവ. 3-ാം പ. 1126.) പുറം - 405.

3. അതിൽത്തന്നെ, പു. 403

4. അതിൽത്തന്നെ, പു. 410-413

5. അതിൽത്തന്നെ, പു. 415-417

6. അതിൽത്തന്നെ, പു. 419

7. അതിൽത്തന്നെ, പു. 435

8. അതിൽത്തന്നെ, പു. 400

9. അതിൽത്തന്നെ, പു. 328

10. അതിൽത്തന്നെ, പു. 385

11. എം.കെ.കുമാരൻ, ഡോ: കെ.ശ്രീനിവാസൻ. <u>കുമാരനാശാൻ.</u> (കുമാരനാശാൻ സ്മാരക കമ്മിറ്റി, തോന്നയ്ക്കൽ, 1985.) പുറം 231.

12. അതിൽത്തന്നെ, അതേ പുറം.

13. അതിൽത്തന്നെ, അതേ പുറം.

14. കുമാരനാശാന്റെ പദ്യകൃതികൾ. വാല്യം രണ്ട്, പുറം. 365.

15. "ഹിന്ദുക്കൾ അയിത്തത്തെ മനഃപൂർവ്വം സ്വന്തം മതത്തിന്റെ ഭാഗമായി കരുതുന്നിടത്തോളം കാലം ബഹുഭൂരിപക്ഷം ഹിന്ദുക്കൾ സ്വന്തം സഹോദരൻമാരിൽ ഒരു വിഭാഗത്തെ തൊടുന്നതു പാപമായി കരുതുന്നിടത്തോളം കാലം, സ്വരാജ് അപ്രാപ്യമാണ്."

– 'യംഗ് ഇന്ത്യ'. 4.5.1921.

"നമുക്കു സ്വരാജ് നേടുകയും അയിത്തം നിലനിർത്തുകയും ചെയ്യാമെന്ന ഒരു ഗൂഢവിചാരം നമ്മളിൽ പലർക്കും ഉള്ളതായി തോന്നുന്നു. ആ വിചാരത്തിൽ സഹജമായുള്ള വൈരുദ്ധ്യം അവർ കാണുന്നുപോലുമില്ല".

– 'യംഗ്ഇൻഡ്യ'. 22.9.1921.

ഗാന്ധിസാഹിത്യം. വാ.2. (ഗാന്ധിസ്മാരകനിധി, തിരുവനന്തപുരം, 1982.) പു. 499-501.

16. കുമാരനാശാന്റെ പദ്യകൃതികൾ. വാ.2.. പു. 124.

17. "അങ്ങനെയുദ്യമിച്ചീവർഗ്ഗം മെല്ലവേ
പൊങ്ങുമാറാകും പലവിധവും
ഇശ്രമത്തിങ്കൽ സഹായിക്കാം ഞങ്ങളെ
വിശ്രുതരാം പല യോഗ്യർതാനും.
പിന്നെയധികാരകേന്ദ്രങ്ങൾമൂലമായ്
മന്നവൻ ഞങ്ങളെയാംഗലേശൻ,
ഉത്സാഹിപ്പിച്ചെന്നുമാം പതിതപ്രജാ-
വത്സലൻഭാരത സാർവ്വഭൗമൻ.
അക്കൃപാമൂർത്തിതൻ ധർമ്മത്തിലൊന്നുപോൽ
ചൊല്ക്കൊള്ളുമിപ്പതിതോദ്ധാരണം".

(ദുരവസ്ഥ)

കുമാരനാശാന്റെ പദ്യകൃതികൾ. വാ. 2. പു. 171-72

18. 'ഒരു തീയക്കുട്ടിയുടെ വിചാരം'. കുമാരനാശാന്റെ പദ്യകൃതികൾ. വാ.2. പു. 364.

19. കുമാരനാശാന്റെ പ്രജാസഭാപ്രസംഗങ്ങൾ. സംപാദകൻ. ജി. പ്രിയദർശനൻ. (നാഷനൽ ബുക്സ്റ്റാൾ, കോട്ടയം, 1982.) പു. 94.

20. കുമാരനാശാൻ. 'പ്രതിഭ' മാസിക 1095 മകരം – കുംഭം ലക്കം. ഉദ്ധരണം: കെ.സുരേന്ദ്രൻ. കുമാരനാശാൻ. (നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം. 1971.) പു. 135.

21. "കൽക്കത്തയിൽ വച്ച് ആശാനു വേറൊരു ഗുരുവിനെ കിട്ടി. യുഗപ്രഭാവനായ സ്വാമി വിവേകാനന്ദനെ. പാശ്ചാത്യപര്യടനം കഴിഞ്ഞു വിജയമകുടം ചാർത്തി ഭാരതത്തിന്റെ അഭിമാനമായി തിരിച്ചുവന്ന ആ മഹാത്മാവ് ശ്രീനാരായണഗുരുവിനോടൊപ്പം ആശാന്റെ ഹൃദയത്തിൽ പ്രതിഷ്ഠിക്കപ്പെട്ടു. ഇൻഡ്യൻ ദേശീയതയുടെ പ്രവാചകനായ ആ സന്യാസിവര്യൻ ആശാന്റെ ജീവിതത്തിൽ ചെലുത്തിയ സ്വാധീനം അഴമേറിയതായിരുന്നു".

– എം.കെ. കുമാരൻ, ഡോ: കെ.ശ്രീനിവാസൻ.

കുമാരനാശാൻ. പു. 50

22. അതിൽത്തന്നെ. പു. 310

23. അതിൽത്തന്നെ. പു. 311, 530, 533.

24 Swami Vivekananda, 'THE SAGES OF INDIA', The Complete Works of Swami Vivekananda (Advaita Ashrama, Calcutta, 1989, Vol.3.)p. 255.

25. സുകുമാർ അഴീക്കോട്. 'കേരളവാല്മീകി' ആശാന്റെ സീതാകാവ്യം. (സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 1978.) പു. 25.

26. സുകുമാർ അഴീക്കോട്. 'വിവേകാനന്ദൻ' തത്ത്വവും മനുഷ്യനും (ഡി.സി. ബുക്സ്, കോട്ടയം. 1986.) പു. 113-114.

27. "അന്യർക്കു ഗുണം ചെയ്‌വതിനായുസ്സു വപുസ്സും
ധന്യത്വമൊടങ്ങാത്മതപസ്സും ബലി ചെയ്‌വൂ
സന്യാസികളില്ലിങ്ങനെയില്ലമിവരെന്നാൽ
വന്യാശ്രമമേലുന്നവരും ഗുരുമൂർത്തേ"

(ശ്രീനാരായണഗുരുവിനെ സ്തുതിച്ച് രചിച്ച 'ഗുരു' എന്ന കവിതയിൽ നിന്ന്)

<u>കുമാരനാശാന്റെ പദ്യകൃതികൾ.</u> വാ.2. പു.428.

28. Swami Vivekananda, <u>The complete works of Swami Vivekananda</u>, Vol.2, p. 507-509, Vol. 4. p. 135.

29. "Besides the Upanishadic tradition, which was all-pervassive, Tagore chose to imbibe what he considered to be the essence of Budhism. The character and personality of Budha, his deep humanism, his rationality, his emphasis on personal morals, his ideal of resisting evil by goodness, anger by patience and non-anger, violence by non-violence, and above all his concern for all living beings came to have a great fascination for Tagore.

..... Early in life, he was attracted by the Budhist 'Dharmapada', a book of prakrit verse. The 'Dharmapada' enshrining as it does the noblest human truths of Budhism, is as much ennobling and edifying on any great poetry of time cadence and music is, and the poet

translated it into Bengali. And later when he had attained maturity, he rendered into Bengali verse-narratives, and still later, into dance-dramas a number of anecdotes from the Budhist 'Gathas' and 'Avadanas'".

Niharanjan Ray. An Artist in Life (A commentary on Life and Works of Rabindranath Tagore . University of Kerala, Trivandrum, 1967,) p. 48.

30 'ദേശീയവാദികളിൽ പലരും സാമൂഹ്യകാര്യങ്ങളിൽ യാഥാസ്ഥിതികരാണെന്ന വസ്തുത ടാഗോർ ചൂണ്ടിക്കാട്ടി. മാത്രമല്ല, ഭാവിയെപ്പറ്റി ടാഗോർ ഇത്രയും ദീർഘദർശനം ചെയ്തു. 'നമ്മുടെ സമൂഹത്തിൽ കാണുന്ന ഏതെങ്കിലും ദൗർബല്യങ്ങളുടെ നേരെ നാം കണ്ണടയ്ക്കുകയാണെങ്കിൽ അതു രാഷ്ട്രീയത്തിൽ ആപത്തിനു വഴിതെളിക്കും. സാമൂഹ്യസ്ഥാപനങ്ങളിൽ കാണുന്ന മൃതമായ ആചാരരൂപങ്ങളെ വച്ചുപുലർത്തുന്നതിൽ നാം കാണിക്കുന്ന ഉദാസീന മനോഭാവം രാഷ്ട്രീയത്തിൽ കനത്ത ഭിത്തികളുള്ള തടവറകൾ സൃഷ്ടിക്കുന്നതിൽ ചെന്നെത്തും. മനുഷ്യസമൂഹത്തിൽ വലിയൊരു വിഭാഗത്തെ താഴ്ത്തിക്കെട്ടി നിർത്താൻ ഇടവരുത്തുന്ന അനുഭാവശൂന്യത, രാഷ്ട്രീയത്തിൽ അനീതിയുടെ ഭീകരഭരണം ഏർപ്പെടുത്താൻ സാധ്യമാക്കിത്തീർക്കുകയും ചെയ്യും.'

ടാഗോറിന്റെ ദൃഷ്ടി പതിഞ്ഞതു് സ്വാതന്ത്ര്യാനന്തര ഭാരതത്തിലേക്കായിരുന്നു. വർഗീയ പാർട്ടികളുടെ ആവിർഭാവത്തെയും പിന്നോക്ക ജനവിഭാഗങ്ങൾക്കു നീതി നിഷേധിക്കപ്പെടുന്നതിനെയും ടാഗോർ ദീർഘദർശനം ചെയ്തിരിക്കുന്നു. സാമൂഹ്യമായ അനീതികൾക്കു പരിഹാരം കാണുവാനുള്ള ശ്രമം കൂടി, സ്വാതന്ത്ര്യം നേടിയെടുക്കുവാനുള്ള യത്നത്തോടൊപ്പം നടത്തുന്നില്ലെങ്കിൽ അതു രാഷ്ട്രീയത്തിലെ തന്നെ കീറാമുട്ടികൾ സൃഷ്ടിക്കുമെന്നായിരുന്നു ടാഗോറിന്റെ ദീർഘദർശനം'.

ഡോ: പി.സി. ജോഷി Bulletin of National Federation of Progressive Writers, No.2. 1984.

ഉദ്ധരണം. പി.കെ. ഗോപാലകൃഷ്ണൻ. പുരോഗമന സാഹിത്യ പ്രസ്ഥാനം നിഴലും വെളിച്ചവും. (കേരളസാഹിത്യ അക്കാദമി, തൃശൂർ. 1987.) പു. 47-48

31. കുമാരനാശാന്റെ പദ്യകൃതികൾ. വാ.2., പു. 312.

32. അതിൽത്തന്നെ, പു. 428

33. അതിൽത്തന്നെ, വാ.1. പു. 26

34. അതിൽത്തന്നെ, വാ.2. പു. 310

35. അതിൽത്തന്നെ, പു. 158

36. എം.കെ. കുമാരൻ, ഡോ: കെ. ശ്രീനിവാസൻ. കുമാരനാശാൻ പു. 538.

37. കുമാരനാശാന്റെ പദ്യകൃതികൾ. വാ. 1., പു. 13.

38. 'മതപരിവർത്തനരസവാദം' ഉദ്ധരണം: തായാട്ട് ശങ്കരൻ. ആശാൻ: നവോത്ഥാനത്തിന്റെ കവി. (നാഷനൽ ബുക്ക്സ്റ്റാൾ, കോട്ടയം, 1978.) പു. 311-325

39. 'പൂജ്യരാം വൈദികൻമാരേ തുനിയൊലിവൻ
യോജ്യനല്ലെന്നാലുമൊന്നോതുന്നേൻ ;
രാജ്യത്തെയോർത്തും മതത്തെയോർത്തും പിന്നെ
പ്രാജ്യരാം നിങ്ങളെത്തന്നെയോർത്തും,
കാലം വൈകിപ്പോയി കേവലമാചാര
നൂലുകളെല്ലാം പഴകിപ്പോയി
കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല
പ്പെട്ട ചരടിൽ ജനതനില്ക്കാ
മാറുവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റുമതുകളീനിങ്ങളെത്താൻ'

(ദുരവസ്ഥ)

കുമാരനാശാന്റെ പദ്യകൃതികൾ. വാ.2. പു.198.

40. അതിൽത്തന്നെ, പു. 7

41. അതിൽത്തന്നെ, പു. 11

42. അതിൽത്തന്നെ, പു. 10

43. അതിൽത്തന്നെ, പു. 26

44. അതിൽത്തന്നെ, പു. 32

45. അതിൽത്തന്നെ, പു. 53

46. അതിൽത്തന്നെ, പു. 111

47. അതിൽത്തന്നെ, വാ. 2. പു. 279.

48. അതിൽത്തന്നെ, പു. 169

49. അതിൽത്തന്നെ, പു. 164

50. അതിൽത്തന്നെ, അതേ പുറം.

51. അതിൽത്തന്നെ, പു. 157

52. അതിൽത്തന്നെ, പു. 107

53. ഡോ: പി.കെ. നാരായണപിള്ള. ആശാൻെറഹൃദയം. (നാഷനൽ ബുക്സ്സ്റ്റാൾ, കോട്ടയം, 1968.) പു. 57.

54. കുമാരനാശാൻെറ പദ്യകൃതികൾ. വാ.2. പു. 324.

55. 'എല്ലാ സുമവുമവൻെറയഭീഷ്ടമൊത്തു
മെല്ലെവളർന്നു തൻ പൂർണ്ണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലി നിർത്താതെ സൂക്ഷിച്ചുകൊൾവിൻ'

കുമാരനാശാൻെറ പദ്യകൃതികൾ. വാ.2. പു. 196.

56. കുമാരനാശാൻെറ പദ്യകൃതികൾ. വാ.2. പു. 238.

57. അതിൽത്തന്നെ, പു. 241.

58. അതിൽത്തന്നെ, പു. 324.

59. അതിൽത്തന്നെ, പു. 156.

60. അതിൽത്തന്നെ, പു. 323.

61. ടി. വാ.1. പു.11

62. ടി. വാ.2. പു. 165.

63. അതിൽത്തന്നെ, പു. 198

64. അതിൽത്തന്നെ, പു. 364

65. അതിൽത്തന്നെ, പു. 171

66. അതിൽത്തന്നെ, പു. 322

67. അതിൽത്തന്നെ, പു. 351

68. ഡോ: ഡി. ബെഞ്ചമിൻ. ജി.യുടെ ഭാവഗീതങ്ങൾ. (കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1988) പു. 26.

69. ബി. ഹൃദയകുമാരി. കാല്പനികത. (ഡി.സി. ബുക്സ്, കോട്ടയം, 1970) പു. 195-198

70 കുമാരനാശാന്റെ പദ്യകൃതികൾ. വാ. 2. പു. 326

71. അതിൽത്തന്നെ, പു. 338

72. അതിൽത്തന്നെ, പു. 339.